# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1475** | **03/05/2017-ൽ മറുപടിക്ക്**

# കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

**ചോദ്യം**

ശ്രീ. വി.പി.സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, പി.ടി. തോമസ്

**മറുപടി**

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി പൂർണ്ണമായും യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ | എ) | ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ സഹായവും ഉറപ്പുവരുത്തുന്നതിനും, പ്രശ്നങ്ങളുണ്ടെങ്കിൽ പരിഹരിക്കുന്നതിനും, പദ്ധതി പുരോഗതിയുടെ വേഗത ഉറപ്പുവരുത്തുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ നിയന്ത്രണത്തിൽ ഒരു നിരീക്ഷണ സംവിധാനം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ ശേഷിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും വിലയിരുത്തുവാനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മറ്റിയുടെ യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരികയാണ്. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിന് ഇനി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുണ്ട്; വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമാക്കുന്നതിനായി സ്മാർട്ട് സിറ്റി അധികൃതരുടെ ഭാഗത്തുനിന്നും രണ്ട് പാലങ്ങൾ, ബാക്കി റോഡുകൾ എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. സ്മാർട്ട് സിറ്റിയുമായുള്ള ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം പദ്ധതി നടത്തിപ്പിനായി വൈദ്യുതി, ജല വിതരണ |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങൾ, അനുബന്ധ റോഡുകളുടെ നിർമ്മാണം എന്നിവ പൂർത്തീകരിക്കേണ്ടതുണ്ട്. |
| സി) | എത്ര തൊഴിലവസരങ്ങളാണ് പ്രസ്തുത പദ്ധതി മൂലം ഒരുങ്ങുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | സി) | പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഏകദേശം 90,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നതാണ്. 6.5 ലക്ഷം ച.അടി വിസ്തീർണ്ണമുളള ആദ്യ ഐ.ടി കെട്ടിടം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും ഏകദേശം 2500 പേർ അവിടെ പ്രവർത്തിച്ചു വരികയാണെന്നും അറിയിച്ചിട്ടുണ്ട്. |
| ഡി) | സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | സ്മാർട്ട് സിറ്റി പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിലയിരുത്തു-ന്നതിനും വേണ്ടി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ പ്രശ്നങ്ങളൊന്നും അവശേഷിക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**